**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6555.** **03.04.2018 ൽ മറുപടിയ്ക്ക്**

**മയക്ക് മരുന്ന് കഞ്ചാവ് വിപണനം തടയുന്നതിനായി നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്ക് മരുന്ന്-കഞ്ചാവ് വിപണനം നടത്തുന്നവർ വളരെ വേഗം ജാമ്യം നേടുകയും കുറ്റവിമുക്തരാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഒരു കിലോയിൽ കുറവ് കഞ്ചാവ് കൈവശം വച്ച കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെടുന്നവർക്ക് നിലവിലുള്ള കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ വേഗം തന്നെ ജാമ്യം കിട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ ഉൾപ്പെടുന്ന കൗമാരക്കാരെ കണ്ടെത്തുന്നതിന് ഇന്റലിജൻസ് വിഭാഗവും, ഷാഡോ-എക്സൈസ് സംഘവും പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തി വരുന്നു. ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതു ജനങ്ങളുടെയും സഹകരണത്തോടെ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി |

| | | | |
|---|---|---|---|
| | | | സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കഞ്ചാവ് മയക്കുമരുന്ന് വിപണനം നടത്തുന്നവർ കേസുകളിൽ നിന്ന് വേഗം രക്ഷപെടുന്നത് തടയുന്നതിനായി കർശനമായ നിയമങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കുറഞ്ഞ അളവിൽ ലഹരി മരുന്ന് കൈവശം വയ്ക്കുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ എളുപ്പത്തിൽ ജാമ്യം കിട്ടി പോകുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റ കൃത്യങ്ങളുടെ വ്യാപനം തടയുന്നതിന് കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം കാലോചിതമായി പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെൻറിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**